6520/22

കേരള സർക്കാർ

നം.എ 1/58/2016/ഭ.പൊ.വി.വ

ഭക്ഷ്യപൊതുവിതരണ(എ) വകുപ്പ്

തിരുവനന്തപുരം.തീയതി.13.12.2021

കെ. എസ്. സി. എസ്. സി
കൊച്ചി - 20
തപാൽ
19 FEB 2022

## പരിപത്രം

വിഷയം:- ഭക്ഷ്യപൊതുവിതരണ വകുപ്പ്-ശിക്ഷാകാര്യം അച്ചടക്ക നടപടി സംബന്ധിച്ച വിഷയത്തിൽ സമയബന്ധിതമായി പ്രതിവാദപത്രിക സമർപ്പിക്കുന്നത് - നിർദ്ദേശങ്ങൾ-പുറപ്പെടുവിക്കുന്നു.

ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി/ വകുപ്പ് തല നടപടി സ്വീകരിച്ചുവരുന്ന ഫയലുകളിൽ കുറ്റാരോപിതരുടെ പ്രതിവാദ പത്രിക , വിശദീകരണം എന്നിവ സമർപ്പിക്കുന്നതിൽ കാലതാമസം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചട്ട പ്രകാരം ടി വിശദീകരണം സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയപരിധി 15 ദിവസമാണ്. ടി സമയം അധികരിപ്പിക്കാൻ അനുവദനീയമല്ല. എങ്കിലും വിവിധ ജില്ലകളിൽ വിവിധ ഓഫീസുകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വിശദീകരണം ഉചിത മാർഗ്ഗേന സർക്കാരിലെത്താൻ സാങ്കേതികമായി കുറച്ചധികം സമയം ആവശ്യമായതിനാൽ മേൽ വിശദീകരണം സമർപ്പിക്കുന്നതിന് 3 മാസത്തിൽ കൂടുതൽ സമയം അനുവദനീയമല്ല. മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

ടീകാ റാം മീണ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-
- പൊതുവിതരണ ഡയറക്ടർ തിരുവനന്തപുരം
- മാനേജിംഗ് ഡയറക്ടർ സപ്ലൈകോ, കൊച്ചി
- സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ O/o പൊതുവിതരണ ഡയറക്ടർ
- എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും
- എല്ലാ താലൂക്ക് സപ്ലൈഓഫീസർമാർക്കും
- എല്ലാ റീജിയണൽ ഓഫീസർമാർക്കും, സപ്ലൈകോ
- സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ